ത്തിനായി ദേശീയ രാഷ്ട്ര പുനർനിർമ്മാണസേന രൂപീകരിച്ച് പ്രവർത്തിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ തീരുമാനിച്ചതായും അതിന്റെ ഔദ്യോഗിക ഉദ്ഘാടനം ഈ മാസം 30-ാം തീയതി നടത്തുന്നതായും കേന്ദ്ര യുവജനക്ഷേമ വകുപ്പു മന്ത്രി കുമാരി ഉമാഭാരതി എന്നെയും കേരള യുവജനക്ഷേമ വകുപ്പുമന്ത്രിയെയും 24.6.1999-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിശദവിവരങ്ങൾ ഒന്നും സർക്കാരിന് ലഭിച്ചിട്ടില്ല. ഈ പദ്ധതി കേരളത്തിൽ രൂപീകരിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായി ഇതിന്റെ ഉദ്ഘാടനം ജൂൺ മാസം 30-ാം തീയതി വയനാട് ജില്ലയിലെ കല്പറ്റയിൽ വെച്ച് നടത്താൻ തീരുമാനിച്ചിരിക്കുന്നതായി അറിയുന്നു. എന്നാൽ പദ്ധതിയെക്കുറിച്ച് ഔദ്യോഗിക അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല. കാസർഗോഡ്, വയനാട് ജില്ലകളിലാണ് പ്രസ്തുത സേന രൂപീകരിക്കുവാൻ നിശ്ചയിച്ചിട്ടുള്ളത്.

1999 മേയ് 9-ന് ന്യൂഡൽഹിയിൽ കേന്ദ്ര യുവജനക്ഷേമ വകുപ്പുമന്ത്രിയുമായി സംസ്ഥാന യുവജനക്ഷേമ വകുപ്പുമന്ത്രി നടത്തിയ ചർച്ചയിൽ കേന്ദ്ര സഹായത്തോടെ നടത്തുന്ന യുവജനക്ഷേമ പരിപാടികളിൽ സംസ്ഥാന യുവജനക്ഷേമ വകുപ്പിന് കാര്യമായി പങ്ക് നൽകാത്തതിൽ അസംതൃപ്തി രേഖപ്പെടുത്തുകയുണ്ടായി. നെഹ്റു യുവക് കേന്ദ്രം ആവിഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതികളും, എൻ.എസ്.എസ്. മുഖേന നടത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന യുവജനക്ഷേമ വകുപ്പിന്റെ അറിവോടും സമ്മതത്തോടും ആവണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇപ്പോൾ പദ്ധതിയുടെ നടത്തിപ്പിന് ജില്ലകളെ തെരഞ്ഞെടുത്തിരിക്കുന്ന രീതി ഏകപക്ഷീയമാണ്. പദ്ധതിയുടെ വിശദവിവരങ്ങൾ നൽകാത്തതിൽ സംസ്ഥാന സർക്കാരിന്റെ ഉത്കണ്ഠ കേന്ദ്ര സർക്കാരിനെ അടിയന്തിരമായി ധരിപ്പിക്കുന്നതാണ്.

ഈ പദ്ധതിക്കായി വോളന്റിയർമാരെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം കേരള സർക്കാരിന് അറിയില്ല. രാജ്യത്ത് ഒരു ഇലക്ഷൻ നടക്കാനിരിക്കുന്ന ഈ സന്ദർഭത്തിൽ ഇത്തരം ഒരു പദ്ധതിയുടെ ഉദ്ഘാടനത്തിന്റെ പ്രസക്തിയെപ്പറ്റി പല യുവജന സംഘടനകളും സംശയം പ്രകടിപ്പിക്കുകയും സംസ്ഥാന സർക്കാരിന്റെ അനുമതിയും സഹകരണവും ഇല്ലാതെ ഏകപക്ഷീയമായി തീരുമാനിച്ചതിൽ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(2) പഴവങ്ങാടി ആറുവരിപ്പാതയ്ക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ട വ്യാപാരികളുടെ പുനരധിവാസം

ശ്രീ. എ. കണാരൻ : സർ, തിരുവനന്തപുരം ജില്ലയിൽ പഴവങ്ങാടിയിൽ ആറുവരിപ്പാത നിർമ്മിക്കുന്നതിനുവേണ്ടി റോഡിന്റെ ഇരുവശത്തും വളരെ വർഷങ്ങളായി കച്ചവടം നടത്തി വന്ന 109 വ്യാപാരികളുടെ കച്ചവട സ്ഥാപനങ്ങൾ കുടിയൊഴിപ്പിക്കുകയുണ്ടായി. അവർക്ക് പുനരധിവാസം നൽകുമെന്ന് ആറുവരിപ്പാതയുടെ ഉദ്ഘാടന വേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2.6.1998-ന് അവിടെ വച്ച് ഉറപ്പു നൽകുകയുണ്ടായി. പുനരധിവാസ പ്രവർത്തനങ്ങൾക്കായി പഴവങ്ങാടിയിൽ തന്നെ വഞ്ചിയൂർ വില്ലേജിലുള്ള സർവേ നമ്പർ 1005, 1006(എ), 1006(സി)-ൽപ്പെട്ട 37 സെന്റ് ഭൂമി ഗവൺമെന്റ് കണ്ടെടുത്തിയിട്ടുള്ളത് ട്രിഡായ്ക്ക് കൈമാറി ഷോപ്പിംഗ് കോംപ്ലെക്സ് നിർമ്മിച്ച് വാടകയ്ക്ക് നൽകാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്താൽ മുഖ്യമന്ത്രിയുടെ വാക്ക് പാലിക്കാൻ കഴിയും. 27.7.1998-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ ആഫീസിൽ കൂടിയ ഇതുസംബന്ധിച്ച യോഗത്തിൽ ബഹുമാന

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ട സ്പീക്കർ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി, പൊതുമരാമത്തു വകുപ്പുമന്ത്രി, റവന്യൂ വകുപ്പു സെക്രട്ടറി, പൊതുമരാമത്തു വകുപ്പു സെക്രട്ടറി, തിരുവനന്തപുരം ഡെപ്യൂട്ടി കളക്ടർ, ട്രിഡാ ചെയർമാൻ എം.എൽ.എ.മാരായ ശ്രീ. ആന്റണി രാജു, ശ്രീ. എ. കണാരൻ എന്നിവർ പങ്കെടുത്തു. ഗുജറാത്തി സത്രത്തിന്റെ ഭൂമി ഏറ്റെടുത്ത് റിപ്പോർട്ട് ചെയ്യാൻ പൊതുമരാമത്തു സെക്രട്ടറിയെ അധികാരപ്പെടുത്തി. അതിന്റെ ഫലമായി സ്ഥലം ഗവൺമെന്റിന്റെ അധീനതയിലായിയെങ്കിലും ട്രിഡായ്ക്കു വിട്ടുകൊടുക്കാൻ നടപടി സ്വീകരിച്ചില്ല. ട്രിഡാ ഗവൺമെന്റ് ഏജൻസി ആയതിനാൽ ട്രിഡായെ എത്രയും വേഗം ഭൂമി ഏൽപ്പിക്കേണ്ടതാണ്. അങ്ങനെയായാൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് വ്യാപാരികൾക്കു നൽകാൻ തയ്യാറാണെന്ന് ട്രിഡാ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. അതങ്ങനെ ചെയ്യാമെന്ന് ഈ ഗവൺമെന്റ് എഗ്രി ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിനാൽ 108 വ്യാപാരികളുടെയും അവരുടെ കുടുംബങ്ങളുടെയും പുനരധിവാസത്തിന് ആവശ്യമായ നടപടി എത്രയും വേഗം കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

[10.00 AM] മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : തിരുവനന്തപുരം പഴവങ്ങാടിയിൽ ആറുവരിപ്പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഒഴിപ്പിക്കപ്പെട്ട വ്യാപാരികളെ പുനഃരധിവസിപ്പിക്കുന്നതിനുള്ള ചുമതല തിരുവനന്തപുരം വികസന അതോറിറ്റിയെ ഏൽപ്പിച്ചിരുന്നു. അവകാശികളില്ലാതെ അന്യംനിന്ന ഗുജറാത്തി സത്രം നിലനിന്നിരുന്ന 37 സെന്റ് സ്ഥലം 1964-ലെ കേരള എസ്റ്റേറ്റ്സ് ആന്റ് ഫോർഫീച്ചേഴ്സ് ആക്ട് അനുസരിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർ ഏറ്റെടുക്കുകയുണ്ടായി. ഈ 37 സെന്റ് ഭൂമിയിൽനിന്നും റോഡ് വികസനത്തിനായി വിനിയോഗിക്കപ്പെട്ടത് കഴിച്ച് ശേഷിക്കുന്ന സ്ഥലം പഴവങ്ങാടിയിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ട വ്യാപാരികളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിക്കായി തിരുവനന്തപുരം വികസന അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ സ്ഥലത്തിന്റെമേൽ അവകാശമുന്നയിച്ചുകൊണ്ട് ശ്രീ. നവനാഗർസതാപർത്ത് ട്രസ്റ്റ് എന്ന സംഘടനയ്ക്കു വേണ്ടി ഓസ്വാൾ എന്നൊരാൾ മേൽപ്പറഞ്ഞ ആക്ടിലെ വ്യവസ്ഥകളനുസരിച്ച് ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയിരിക്കുന്ന അപ്പീൽ ഹർജി പരിഗണനയിലിരിക്കുകയാണ്. "കേരള എസ്റ്റേറ്റ്സ് ആന്റ് ഫോർഫീച്ചേഴ്സ് ആക്ട്" (1964) അനുസരിച്ചുള്ള നിയമനടപടികൾ പൂർത്തിയാക്കിയശേഷം സ്ഥലം അനുവദിക്കുന്ന കാര്യം തീരുമാനിക്കുന്നതാണ്. വ്യാപാരികളെ പുനരധിവസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്.

(3) ബോണക്കാട് തേയിലത്തോട്ടത്തിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ജി. കാർത്തികേയൻ : സർ, തിരുവനന്തപുരം ജില്ലയുടെ കിഴക്കൻ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു തേയിലത്തോട്ടമാണ് മഹാവീർ പ്ലാന്റേഷൻ നടത്തുന്ന ബോണക്കാട് തേയിലത്തോട്ടം. അവിടെ തൊഴിലാളികൾക്ക് കഴിഞ്ഞ നാലു മാസമായി ശമ്പളം ലഭിക്കുന്നില്ല. 16 ആഴ്ചത്തെ ചെലവ് കാശ് കിട്ടാനുണ്ട്. പി.എഫ്. ലേക്കുള്ള പണം അടയ്ക്കുന്നില്ല. എൽ.ഐ.സി. യുടെ പണം അടയ്ക്കുന്നില്ല. പെൻഷനായ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കൊടുക്കുന്നില്ല. ലയങ്ങളെല്ലാം മഴക്കാലത്ത് ചോർന്നൊലിക്കുകയാണ്. തൊഴിലാളികളുടെ ഇത്തരം പ്രശ്നങ്ങൾക്ക്നേരെ നിഷേധാത്മകമായ ഒരു

LIBRARY ARCHIVES Kerala Legislative Assembly